## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3817** 15.05.2017 ൽ മറുപടിയ്ക്ക്

**ഇടുക്കി വില്ലേജിലെ പട്ടയ ഭൂമി കൈമാറ്റത്തിനു നേരിടുന്ന തടസ്സങ്ങൾ**

**ചോദ്യം**
**ശ്രീ.റോഷി അഗസ്റ്റിൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഇടുക്കി വില്ലേജിലെ പട്ടയ ഭൂമി കൈമാറ്റം ചെയ്യുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ നൽകുന്ന എൻ.ഒ.സി. ആവശ്യമാണെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ)ഇടുക്കി വില്ലേജിലെ പട്ടയ ഭൂമി കൈമാറ്റത്തിന് ആർ.ഡി.ഒ യുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | ഭൂമി കൈമാറ്റത്തിന് ഇപ്രകാരം ഒരു വ്യവസ്ഥ ഉൾപ്പെടുത്താൻ ഇടയാക്കിയ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | (ബി) ഇടുക്കി വില്ലേജിൽ വ്യാജ പട്ടയമുണ്ടാക്കി റവന്യൂ രേഖകളിൽ ചേർത്ത് ബാങ്കുകളിൽ നിന്നും വായ്പ തട്ടിയെടുക്കുന്നുണ്ടെന്ന് അന്വേഷണങ്ങളിൽ കണ്ടെത്തിയതിനെ തുടർന്നാണ് ഇത്തരമൊരു നടപടി സ്വീകരിച്ചത്. |
| (സി) | ഭൂമി കൈമാറ്റം സംബന്ധിച്ച് ഇപ്രകാരം ഏർപ്പെടുത്തിയ വ്യവസ്ഥ മൂലം സാധാരണക്കാർക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ